**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **16-03-2022 - ൽ മറുപടിയ്ക്ക്**

**പൊതു ആരോഗ്യമേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 2021-22 വർഷത്തിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 2021-22 വർഷത്തിൽ നാളിതുവരെ (16.03.2022) 220688.56 ലക്ഷം രൂപ (ട്രഷറി ചിലവ്) (144.28%) ചിലവഴിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ മേഖലയിൽ ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനം തുകയാണ് സംസ്ഥാനം ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ക്കായി സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 1.32 ശതമാനമാണ് ചെലവഴിക്കുന്നത് [(2019-20(Q) ലെ മൊത്തം സംസ്ഥാന അഭ്യന്തര ഉൽപ്പാദനം (2011-12) സ്ഥിര വിലയിൽ] പട്ടികജാതി വികസന വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വികസന വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയിൽ ചിലവഴിക്കുന്ന തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പൊതു ആരോഗ്യ സംവിധാനങ്ങളിൽ പൊതുജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി നവകേരള കർമപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ |

| | | | |
|---|---|---|---|
| | | | പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇതിന്റെ തുടർച്ചയായി പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കെട്ടിപ്പടുക്കാനുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്കുമാണ് നവകേരളകർമ്മ പദ്ധതി രണ്ടാംഘട്ടത്തൽ ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി ഹെൽത്ത്‌ലൈഫ് ക്യാമ്പയിൻ, ആർദ്രം മിഷൻ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ തുടർച്ച, രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജില്ലാ ക്യൻസർ പ്രതിരോധ പരിപാടി, ലാബ് നെറ്റ് വർക്കിംഗ് (Hub and Spoke Model), വാർഷിക ആരോഗ്യപരിശോധനാ പദ്ധതി, ഇന്റഗ്രേറ്റീവ് മെഡിസിൻ & റിസർച്ച്, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ, വൺ ഹെൽത്ത് കാമ്പയിൻ, വയോജന പരിപാലനവും സാന്ത്വന പരിചരണവും എന്നിങ്ങനെ 10 ഇന പിരപാടികൾ നടപ്പിലാക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം കൂടി ഉറപ്പാക്കി ഒരു ജനകീയ ആരോഗ്യ പ്രവർത്തനത്തിനാണ് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി 188713 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ